രാത്രി പെൺകുട്ടിയെ ഇറക്കി വിട്ട സംഭവം: ബസ് കണ്ടക്ടർക്ക് പിഴ

പാലക്കാട്: ട്യൂഷൻ കഴിഞ്ഞ് രാത്രി വീട്ടിലേക്ക് മടങ്ങുകയായിരുന്ന പ്ലസ് വൺ വിദ്യാർഥിനിയെ ആളൊഴിഞ്ഞ പ്രദേശത്ത്, ഇരുട്ടത്ത് ഇറക്കി വിട്ട സംഭവത്തിൽ സ്വകാര്യ ബസ് കണ്ടക്ടർക്ക് പൊലീസ് പിഴ ചുമത്തി. ബസ് ഉടമ, കോന്നോർ, ഡ്രൈവർ, കണ്ടക്ടർ എന്നിവരെ മലമ്പുഴ പൊലീസ് സ്റ്റേഷനിൽ വിളിച്ചുവരുത്തി ശാസിച്ചു. തെറ്റ് ആവർത്തിച്ചാൽ ബസിന്റെ പെർമിറ്റ് റദ്ദാക്കുന്നത് ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുമെന്നാണ് മുന്നറിയിപ്പ്.

സംഭവദിവസം കണ്ടക്ടർക്ക് ലൈസൻസിന് ഇല്ലായിരുന്നുവെന്ന് പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ട്. മോട്ടോർ വാഹനവകുപ്പും പരിശോധനയിൽ ഇടപെട്ടിട്ടുണ്ട്. പാലക്കാട് ആർ.ടി.ഒ അടിയന്തിര റിപ്പോർട്ട് തേടി. ഇക്കഴിഞ്ഞ 13ന് രാത്രിയായിരുന്നു പരാതിക്ക് ആസ്പദമായ സംഭവം. മലമ്പുഴയിലേക്ക് പോകുകയായിരുന്ന പെൺകുട്ടിക്കാണ് ദുരനുഭവം ഉണ്ടായത്. ചൊവ്വ ഭാഗത്ത് കുടിയെ ഇറക്കി വിടുകയായിരുന്നു.

സംഭവം നടക്കുമ്പോൾ യാത്രക്കാരായി ഈ പെൺകുട്ടി മാത്രമേ ബസിലുണ്ടായിരുന്നുള്ളൂ. രാാൾക്ക് മാത്രമായി മലമ്പുഴയിലേക്ക് സർവീസ് നടത്താനാവില്ലെന്ന് പറഞ്ഞാണ് കണ്ടക്ടറും ഡ്രൈവറും ചേർന്ന് കുട്ടിയെ ഇറക്കി വിട്ടത്.

ഡ്രൈവർക്ക് പ്രഥമശുശ്രൂഷ നൽകി വിദ്യാർഥികൾ മാതൃകയായി

ചെർപ്പുളശ്ശേരി: പഠനയാത്രയ്ക്കിടെ ദേഹാസ്വസ്ഥ്യമനുഭവപ്പെട്ട ബസ് ഡ്രൈവർക്ക് അടിയന്തിര പ്രഥമ ശുശ്രൂഷയും സി.പി.ആറും നൽകി രക്ഷിച്ച് വിദ്യാർഥികൾ മാതൃകയായി. ചളവറ ഹയർ സെക്കൻഡറി സ്കൂളിലെ സ്റ്റുഡന്റ് പോലീസ് കേഡറുകളായ അതുൽ കൃഷ്ണ, അതുൽ കൃഷ്ണ, അമൽ കൃഷ്ണ എന്നിവരുടെ അവസരോചിതമായ ഇടപെടലാണ് ഡ്രൈവർക്ക് തുണയായത്. കഴിഞ്ഞ ദിവസം സ്കൂളിൽ നിന്ന് കൊടൈക്കനാലിലേക്ക് യാത്ര തിരിച്ച പഠന സംഘം തൃശൂർ കൊടകരയിലെത്തിയപ്പോഴാണ് ഡ്രൈവർക്ക് കടുത്ത ദേഹാസ്വാസ്ഥ്യം അനുഭവപ്പെട്ടത്. നിയന്ത്രണം വിട്ട ബസ് വൈദ്യുത്തൂണിലും ഡിവൈഡറിലും ഇടിച്ച് നിന്നു. സംഭവത്തിന്റെ ഗൗരവം മനസിലാക്കിയ കുട്ടികൾ പ്രഥമിക ശുശ്രൂഷ നൽകി, ഡ്രൈവറെ ആശുപത്രിയിലെത്തിച്ചു. ഡ്രൈവർ അപകടനില തരണം ചെയ്തു. പ്രഥമശുശ്രൂഷ, സമയത്ത് ലഭിച്ചത് മൂലമാണ് ജീവൻ രക്ഷിക്കാൻ സഹായകമായതെന്ന് ഡോക്ടർമാർ അറിയിച്ചു.

അമ്പലങ്ങളിൽ മോഷണം: പ്രതി അറസ്റ്റിൽ

ബത്തേരി: ക്ഷേത്രങ്ങൾ കേന്ദ്രീകരിച്ച് നടന്ന നുറിലധികം മോഷണക്കേസുകളിലെ പ്രതി എടപ്പാൾ കാലടി കൊട്ടാരപ്പടി സ അജിത് (44) അറസ്റ്റിൽ. കോഴിക്കോട് കുണ്ടായിത്തോടിനടുത്ത് അമ്പലത്തിൽനിന്നു മോഷ്ടിച്ച മുതലുമായി ബസിൽ കർണാടകയിലേക്ക് പോകുന്നതിനിടെ ബത്തേരിയിൽനിന്നു ഡിവൈ.എസ്.പി അമ്പിളി കരിമ്പിന്റെ നേതൃത്വത്തിലാണ് കസ്റ്റഡിയിലെടുത്തത്. പടിഞ്ഞാറത്ത തറയിലെ പോലീസ് ഉദ്യോഗസ്ഥനായ നൗഫൽ ബത്തേരിയിലേക്കു ബസ് കയറുന്നതിനിടെ സജീഷിനെകണ്ട് സംശയം തോന്നി ഡിവൈ.എ സ്.പിയെ വിവരം അറിയിക്കുകയായിരുന്നു. കസ്റ്റഡിയിലിരുത്തി ചോദ്യംചെയ്തപ്പോൾ കുറ്റങ്ങൾ സമ്മതിച്ചു. മോഷ്ടിച്ച ബൈക്കിൽ അമ്പലങ്ങളിലെത്തി മോഷണം നടത്തുന്നതാണ് സജീഷിന്റെ രീതിയെന്ന് ഡിവൈ.എസ്.പി പറഞ്ഞു. ഇത്തരത്തിൽ മോഷണത്തിന് കോഴിക്കോട്, കോടഞ്ചേരി, മമ്പലപ്പുഴ, മലപ്പുറം, തൃശൂർ തുടങ്ങിയ സ്റ്റേഷനുകളിൽ കേസുണ്ട്. ഇൻസ്പെക്ടർ ഇയാൾക്കെതിരേ കേസ്. ഒരു കേസിൽ ശിക്ഷ അനുഭവിച്ച് ഓഗസ്റ്റ് 17ന് പുറത്തിറങ്ങിയ ശേഷം കോഴിക്കോട് നല്ലളം, ചേവായൂർ, എലത്തൂർ, അത്തോളി, പങ്ങാംകുളം, എടപ്പാൾ, പെരിന്തൽമണ്ണ സ്റ്റേഷനുകളിൽ ഇയാൾക്കെതിരേ പത്തു കേസുകൾ ജില്ലിംഗ് ചെയ്തിട്ടുണ്ട്.

കായികക്ഷമത വർധിപ്പിക്കാൻ വിദ്യാർഥികൾ ജിമ്മിലെത്തി

മാള: മേലഡൂർ കായികക്ഷമത വർധിപ്പിക്കാനും ആരോഗ്യം മെച്ചപ്പെടുത്താനും ആവശ്യമായ വ്യായാമങ്ങളെ സംബന്ധിച്ച് പഠിക്കാൻ വിദ്യാർഥികൾ ജിമ്മിലെത്തി. മേലഡൂർ ഗവ. സമിതി ഹയർ സെക്കൻഡറി സ്കൂളിലെ എൻ.എസ്.എസ്. വളണ്ടിയർമാരാണ് മേലഡൂരി ലെ മാക്സ് ബോഡി സ്റ്റുഡിയോ വെൽനസ് സെന്ററിലെത്തിയത്. ഓരോ പ്രായത്തിനും വ്യത്യസ്തമായ ശരീരഘടനയും അനുയോജ്യമായ വ്യായാമങ്ങളുമുണ്ടാകണമെന്നും ചെയ്യേണ്ട രീതികളും പരിശീലകൻ കെ.എഫ്. പ്രിൻസ് വിശദീകരിച്ചു. കൂടാതെ ഡിജിറ്റൽ അളവുകളും ഭക്ഷണമാർഗം, ഉണരുന്നതുമുതൽ ഉറക്കം വരെയുള്ള സമയക്രമവും വിശദീകരിച്ചു. കുട്ടികളുടെ മാനസികാരോഗ്യം എന്ന വിഷയത്തിൽ റോസ്മി ഫ്രാൻസിസ് ക്ലാസ്സെടുത്തു. എൻ.എസ്.എസ്. പ്രോഗ്രാം ഓഫീസർ രശ്മി ചന്ദ്രൻ, പ്രസിഡന്റ് ഷാരോൺ ജെൻസൻ, അനിൽകുമാർ എന്നിവർ പ്രസംഗിച്ചു.

ഭർതൃപീഡനത്തിനിരയായ ഡോ. ആയിഷയ്ക്ക് പിന്തുണയുമായി വനിതാസംഘടനകൾ

കോഴിക്കോട്: ഭർതൃപീഡനത്തിനിരയായ തൃശൂർ പാവറട്ടി സ്വദേശിനി ഡോ. ആയിഷയ്ക്ക് പിന്തുണയുമായി കോഴിക്കോടെ വനിതാസംഘടനകൾ. ആയിഷയുടെ ഭർത്താവ് ഡോ.അലി അബ്ദുൽലത്തീഫിന്റെ വീടായ കോഴിക്കോട് കുറ്റിക്കാട്ടൂരിൽ 24 ന് ഗാർഹിക അതിക്രമ പരാതിപരിഹാര സമിതി പ്രതിഷേധം നടത്തുമെന്ന് അസിഷ്ടന്റ് പ്രസിഡന്റ് കെ.അജിത, ജില്ലാ പ്രസിഡന്റ് എന്നിവർ വാർത്താ സമ്മേളനത്തിൽ അറിയിച്ചു. വിഷയം ഒരു ഒറ്റപ്പെട്ട സംഭവമല്ല. ഒരു വിവാഹബന്ധം നിലനിൽക്കേ മറ്റൊരു സ്ത്രീയോടു ശാരീരത ജീവിതത്തിന് മുതിരുക, നിയമാനുസൃത ഭാര്യക്ക് വിവാഹമോചനം നൽകാതിരിക്കുക, കുട്ടികളുടെ സംരക്ഷണ ചുമതല നിർവഹിക്കാതിരിക്കുക തുടങ്ങിയ വലിയ രീതിയിലുള്ള നീതി കേടുകളാണ് കുടുംബങ്ങളിൽ സംഭവിക്കുന്നതെന്നും ഭാരവാഹികൾ പറഞ്ഞു.

രേവതിപട്ടത്താനം 25 ന്

കോഴിക്കോട്: സാമൂതിരി രാജാവിന്റെ അധ്യക്ഷതയിൽ നടന്നുവരുന്ന വിദ്വൽസദസ് രേവതിപട്ടത്താനം 25 ന് കോഴിക്കോട് നടക്കുമെന്ന് രേവതി പട്ടത്താനം സമിതി ഭാരവാഹികൾ വാർത്താസമ്മേളനത്തിൽ അറിയിച്ചു. നളി മഹാക്ഷേത്രത്തിൽ 24 ന് രേഷത്രം തന്ത്രിമാരായ പ്രഹർഷിണി ചേനാസ് ശങ്കരനാരായണൻ നമ്പൂതിരിപ്പാട്, ബ്രഹർഷിണി ചേനാസ് ശങ്കരനാരായണൻ നമ്പൂതിരിപ്പാട് എന്നിവരുടെ കാർമികത്വത്തിൽ പുത്തില്ലം ജയരാമൻ നമ്പൂതിരിയും മറ്റു വൈദികന്മാരും ചേർന്ന് ഉദ്ഘാടനം നടത്തും. തുടർന്ന് പട്ടത്താനസദസ് നടത്തിവരുന്നതിനുള്ള വാതിൽമാടത്തിൽ ഉദ്ഘാടനസംഹിതയും രാവിലെ എട്ടിന് കുട്ടമാരാർ നമ്പൂതിരിപ്പാടും നിൾപയിക്കുന്ന വേദപണ്ഡിതന്മാർ സാമൂതിരി രാജാവ് ആചാരപ്രകാരം പണക്കിഴി നൽകി ആദരിക്കുകയും ചെയ്യും.















